1

നം. എം. 4/62787/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി: 21.10.2016.
ഫോൺ: 0471 - 258 0595; msndpi@gmail.com

11/11/2016

23741

## സർക്കുലർ

വിഷയം : പൊ.വി.വ. - റോഡ് സുരക്ഷ - സ്കൂൾ ബസ്സുകൾക്ക് സുരക്ഷാ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് - സംബന്ധിച്ച് -

സൂചന : 1. 9002/MISC/2016/CSO തീയതി: 08.08.2016 സുപ്രീം കോടതി കത്ത്.

2. എം. 4/62787/2016/ഡി.പി.ഐ., നം: ഈ ആഫീസ് കത്ത് തീയതി: 01.10.2016.

******************************

റോഡപകടങ്ങളിൽപെട്ട് സ്കൂൾ കുട്ടികൾ മരണപ്പെടുന്നതും പരിക്കേൽക്കപ്പെടുന്നതും പൊതുസമൂഹം വ്യാപകമായി ചർച്ച ചെയ്യുകയും പ്രതികരിക്കുകയും ചെയ്യുന്ന ഒരു സുപ്രധാന വിഷയമാണ്. കുട്ടികളെ ഇത്തരം വിപത്തുകളിൽ നിന്നും സുരക്ഷിതരാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബഹു: സുപ്രീം കോടതിയുടെ റോഡ് സേഫ്റ്റി കമ്മിറ്റിയും കേന്ദ്ര/ സംസ്ഥാന സർക്കാരുകളും നൽകിയ നിർദ്ദേശങ്ങൾ മുൻനിർത്തി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും വാഹനങ്ങൾ റോഡ് സേഫ്റ്റി കമ്മീഷണറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും എല്ലാ നിബന്ധനകളും പൂർണ്ണമായി പാലിച്ചുകൊണ്ടുതന്നെയാണ് വാഹനങ്ങൾ സർവ്വീസ് നടത്തുന്നത് എന്നുറപ്പാക്കേണ്ടതുമാണ്. ആയതിനാൽ താങ്കളുടെ അധികാര പരിധിയിൽപ്പെടുന്ന മുഴുവൻ വിദ്യാലയങ്ങളുടേയും വാഹനങ്ങൾ ഇത്തരം പരിശോധനകൾ നടത്തിയിട്ടുണ്ട് എന്നുറപ്പാക്കിയ ശേഷം രേഖാമൂലം രണ്ടാഴ്ചക്കുള്ളിൽ വിവരം ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാക്കുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതും മറ്റ് നടപടികൾ സ്വീകരിക്കുന്നതിന് കാരണമായി തീരുന്നതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

P.T.O

പുറത്തെഴുത്ത് കത്ത് നം:എഫ്4/179/2016

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തിയതി.20.12.2016.

പകർപ്പ് എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും അയക്കുന്നു. ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളുടേയും വാഹനങ്ങൾ ഇത്തരം പരിശോധനകൾ നടത്തിയിട്ടുണ്ട് എന്നുറപ്പാക്കിയ ശേഷം ഒരാഴ്ചയ്ക്കകം വിവരം ഈ ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർക്ക് വേണ്ടി,
എറണാകുളം.

എൻ.എസ്.21.12